LIBRARY ARCHIVES Kerala Legislative Assembly

ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമി റീസർവ്വേ നടപടികൾ

167 (1245) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള (എച്ച്.എം.പി.എൽ) ഭൂമിയുടെ റീ-സർവ്വേ നടപടികൾ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചു ; അതിൽ എത്ര ചെലവഴിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ ഭൂമി പ്രത്യേകമായി റീ-സർവ്വേ നടത്തിയിട്ടില്ല. ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ ഭൂമിയുടെ ഉൾപ്പെട്ടു വരുന്ന പ്രദേശങ്ങളുടെ റീസർവ്വേ നടപടികൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിച്ചുവെങ്കിലും റീസർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല. റീ-സർവ്വേ നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഹാരിസൺസ് മലയാളം ഭൂമിക്ക് വേണ്ടിമാത്രം ചെലവായ തുക കണക്കാക്കപ്പെട്ടിട്ടില്ല. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശമുള്ള സർക്കാർ ഭൂമി ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിലേക്കായി നിയോഗിച്ച സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനത്തിനായി 20,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ഭൂനികുതി ഓൺലൈനായി അടയ്ക്കൽ

168 (1246) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. മുഡി മ്യയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu System) സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്. സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നിലവിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പോക്കുവരവ് 31-3-2016-നകം സംസ്ഥാനത്തെ 420 വില്ലേജുകളിലേയ്ക്കുകൂടി ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക് മുതലുള്ള വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. സർക്കാരിനും പൊതുജനത്തിനും ഒരുപോലെ ഉപകാരപ്രദമായ ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട നികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനംവഴി അടയ്ക്കുവാൻ സാധിക്കുക. എങ്കിലും സമീപഭാവിയിൽത്തന്നെ വില്ലേജ് ഓഫീസിലേക്ക് പിരിഞ്ഞുകിട്ടേണ്ട മറ്റു നികുതികളും ഈ സംവിധാനംവഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ, വില്ലേജ് ഓഫീസിൽനിന്നും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതായ വിവിധ റിപ്പോർട്ടുകൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ലഭ്യമാക്കാം എന്ന കാരണത്താൽ വില്ലേജ് ഓഫീസുകളിലെ ജോലിഭാരവും ഒരു പരിധിവരെ ഈ സംവിധാനത്തിലൂടെ കുറയ്ക്കുവാനുതാണ്.

(സി) വില്ലേജ് ഓഫീസിലേക്ക് അടയ്ക്കേണ്ട/പിരിഞ്ഞു കിട്ടേണ്ട നികുതികളും മറ്റു ഫീസുകളും സ്വഗൃഹത്തിലിരുന്നുതന്നെ കമ്പ്യൂട്ടറിന്റേയോ സ്മാർട്ട് ഫോണിന്റേയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണിത്. ഇതിലേക്കായി നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് മറ്റു ചെലവുകളില്ലാതെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിക്കാവശ്യമായ സോഫ്റ്റ്വെയറായ റവന്യൂ ലാന്റ്

ഇൻഫർമേഷൻ സിസ്റ്റം രണ്ടാം പതിപ്പ് (ReLIS ver 2.0) വികസിപ്പിച്ചെടുത്തിട്ടുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും വികസിപ്പിച്ചെടുക്കുന്നത്. ആയത് അന്തിമഘട്ടത്തിലുമാണ്. ഈ സോഫ്റ്റ്വെയർ സംവിധാനം പൂർണ്ണമായും ഉപയോഗക്ഷമമാകുന്നതോടുകൂടി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും നിലവിൽ വരുന്നതാണ്.

അധികഭൂമി ഏറ്റെടുക്കൽ

169 (1247) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ പ്രകാരം കൈവശം വെയ്ക്കാവുന്ന പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വച്ച് വരുന്നവരിൽ നിന്നെല്ലാം അധികഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഏറ്റെടുക്കാൻ അവശേഷിക്കുന്ന മിച്ച ഭൂമി എത്ര ഏക്കർ വരും; മിച്ച ഭൂമി കണ്ടെത്താനുള്ള എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത മിച്ചഭൂമി എത്ര എന്ന് വ്യക്തമാക്കുമോ:

(ബി) അധിക ഭൂമി കൈവശം വയ്ക്കാൻ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഏതെങ്കിലും അപേക്ഷയെ തുടർന്നാണോ തീരുമാനം എടുത്തത്; ഭൂപരിധിയുടെ ഇളവ് ചൂഷണം ചെയ്യാൻ അവസരമാക്കുന്നതാണ് പ്രസ്തുത തീരുമാനം എന്നറിയാമോ;

(സി) പ്രസ്തുത തീരുമാന പ്രകാരം അധിക ഭൂമി കൈവശം വെയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവർ എത്ര; ജില്ല തിരിച്ച് വിശദമാക്കുമോ ; എത്ര കേസുകളിൽ ഇതിനകം അനുമതി നൽകുകയുണ്ടായി ; ആർക്കെല്ലാം; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല. നിലവിലെ കണക്കനുസരിച്ച് 1301 താലൂക്ക് ലാന്റ് ബോർഡ് കേസുകളിൽ ഉൾപ്പെട്ട 11375 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ അവശേഷിക്കുന്നു. പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി ആർജ്ജിച്ചിട്ടുള്ളവരുടെ ലിസ്റ്റ് ജില്ലാ കളക്ടറിൽ നിന്ന് ആവശ്യപ്പെടുകയും ലഭ്യമാകുന്ന റിപ്പോർട്ടും ശിപാർശയും ലാന്റ് ബോർഡ് പരിശോധിച്ച് എസ്.എം. കേസ് എടുക്കുന്നതിനുള്ള അനുമതി താലൂക്ക് ലാന്റ് ബോർഡുകൾക്ക് നൽകുകയും ചെയ്യുന്നു. ഈ സർക്കാരിന്റെ കാലത്ത് 302.4500 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly